## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2393 | 05.11.2019 - ൽ മറുപടിക്ക് |
|---|---|

## പ്രളയസെസിന്റെ മാനദണ്ഡങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | അഞ്ച് ശതമാനം ജി.എസ്.ടി.യുള്ള വസ്തുക്കൾക്ക് പ്രളയസെസ് ബാധകമാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രളയസെസ് ഏർപ്പെടുത്തിയിരിക്കുന്നതിലെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) | 12%വും അതിൽ കൂടുതലും നികുതി നിരക്ക് ഉള്ള എല്ലാ ചരക്കുകൾക്കും, 5%-ത്തിൽ കൂടുതൽ നികുതി നിരക്ക് ഉള്ള എല്ലാ സേവനങ്ങൾക്കുമാണ് 1% നിരക്കിൽ പ്രളയസെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ജി.എസ്.ടി. നിയമത്തിലെ 5-ാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്വർണ്ണാഭരണ മുൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25% നിരക്കിലാണ് സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ജി.എസ്.ടി. നികുതി ചേർക്കാത്ത മൂല്യത്തിൻമേലാണ് പ്രളയ സെസ്സ് ഈടാക്കുന്നത്. സംസ്ഥാനത്തിനകത്തെ ചരക്കുകളുടെയും സേവനങ്ങളുടേയും അവസാന വിതരണഘട്ടത്തിൽ മാത്രമാണ് സെസ്സ് ഈടാക്കുന്നത്. അതായത്, ഉപഭോക്താക്കൾക്കും രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കും ബിസിനസ്സ് ഇതര ആവശ്യങ്ങൾക്ക് വാങ്ങുന്നവർക്കും അവർക്ക് നൽകുന്ന ചരക്കുകളുടെയും സേവനങ്ങളുടേയും വിതരണമൂല്യത്തിൻ മേൽ മാത്രമായി സെസ്സ് നിജപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ചില സ്ഥാപനങ്ങൾ വിശിഷ്യാ ഹോട്ടലുകൾ സ്വന്തമായി തയ്യാറാക്കുന്ന ബില്ലിൽ അഞ്ച് ശതമാനം ജി.എസ്.ടി.യുള്ള ഇനങ്ങൾക്ക് പ്രളയ സെസിന്റെ പേരിൽ പണം വാങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | അഞ്ച് ശതമാനം നികുതിയുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും (സ്വർണ്ണാഭരണങ്ങൾ ഒഴികെ) പ്രളയ സെസ്സ് ഈടാക്കുന്നത് നിയമവിരുദ്ധമാണ്. നിയമ വിരുദ്ധമായി സെസ്സ് ഈടാക്കുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**